പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 992** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മുതലപ്പൊഴി ഹാർബറിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മുതലപ്പൊഴി ഹാർബറിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** മുതലപ്പൊഴി ഹാർബറിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ വികസനത്തിനായി 177.00 കോടി രൂപയുടെ ഭരണാനുമതി നൽകി തെക്കേ പുലിമുട്ടിന്റെ നീളം 840 മീറ്റർ നീട്ടുന്ന പ്രവൃത്തിയാണ് നിലവിൽ നടന്നുവരുന്നത്. നിലവിലെ തെക്കേ പുലിമുട്ടിന്റെ നീളം 220 മീറ്റർ നീട്ടിയപ്പോൾ തന്നെ ജൂൺ, ജൂലൈ മാസത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സുഗമമായി മത്സ്യബന്ധനത്തിന് പോകുവാൻ സാധിച്ചിരുന്നു. നിലവിൽ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി പുരോഗമിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ അപകടമുന്നറിയിപ്പ് നൽകുന്നതിനുള്ള ചുവന്ന ലൈറ്റുകളും വാണിംഗ് സൈറൺ സംവിധാനവും ഹാർബറിൽ സ്ഥാപിച്ചിട്ടുണ്ട്.

ഇതുകൂടാതെ മുതലപ്പൊഴിയിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനായി 2 ഫൈബർ വള്ളങ്ങളും 30 ലൈഫ് ഗാർഡുമാരെയും സജ്ജമാക്കിയിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം ആരാധനാലയങ്ങൾ മുഖേനയും അലാറം സിസ്റ്റം മുഖേനയും നൽകിവരുന്നു. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് ഉടൻ വൈദ്യസഹായം ലഭ്യമാക്കുന്നതിന് ഒരു ആംബുലൻസും സജ്ജമാക്കിയിട്ടുണ്ട്. 2500/- രൂപ ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 10000/- രൂപ വിലവരുന്ന സീ സേഫ്റ്റി കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും ആശയ വിനിമയത്തിനുമായി 100 ശതമാനം സബ്സിഡിയോടെ യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. മുതലപ്പൊഴി ഹാർബറിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**(ബി)** പുലിമുട്ട്, ഡ്രെഡ്ജിംഗ്, ചാനൽ ആഴം കൂട്ടൽ, നാവിഗേഷണൽ സേഫ്റ്റി സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** മുതലപ്പൊഴി ഹാർബറിന്റെ മൗത്തിലും ചാനലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനായി മുതലപ്പൊഴി ഹാർബർ മൗത്തും ചാനലും ഡ്രഡ്ജിംഗ് ചെയ്യുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുമായി MOU ഒപ്പിടുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. മുതലപ്പൊഴി ഹാർബറിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി

മുതലപ്പൊഴി ഹാർബറിൽ തെക്കേപുലിമുട്ടിന് സമീപം മുതലപ്പൊഴി അഴിമുഖത്തും ചാനലിലും 24 മണിക്കൂറും നിരീക്ഷണം നടത്തുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവർക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതോടൊപ്പം റിമോട്ട് കൺട്രോൾ ഉപയോഗിച്ച് പ്രവൃത്തിക്കുന്ന ഒരു ബോയയും മൂന്ന് റിങ്ങ് ബോയകളും സജ്ജീകരിച്ചിട്ടുണ്ട്. തെക്കു വടക്കു പുലിമുട്ടുകളിൽ അടിയന്തിര സാഹചര്യത്തിൽ ഉപകരിക്കുന്നതിനായി 17 ബോയകൾ കയറിൽ ബന്ധിപ്പിച്ചു സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പെരുമാതുറ പാലത്തിൽ അടിയന്തിര ഘട്ടങ്ങളിൽ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള ചുവന്ന ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ മത്സ്യ തൊഴിലാളികൾക്ക് അപായസൂചന നൽകുന്നതിനായുള്ള വാണിംഗ് സൈറൺ സംവിധാനവും പെരുമാതുറയിൽ സ്ഥാപിച്ചിട്ടുണ്ട്.

**(സി)** ശാശ്വത പരിഹാരത്തിനായി വിദഗ്ധ സമിതിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

**മറുപടി:** മുതലപ്പൊഴി ഹാർബറിന്റെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരത്തിനായി പുലിമുട്ടിന്റെ രണ്ടാംഘട്ട നവീകരണത്തിന് സർക്കാർ പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) -നെ നിയോഗിക്കുകയും CWPRS-ന്റെ പഠന റിപ്പോർട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജി തുടർ പഠനങ്ങൾക്ക് വിധേയമാക്കുകയും തുടർന്ന് കേന്ദ്രസർക്കാരും പരിശോധിച്ചതിനുശേഷമാണ് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 177.00 കോടിയുടെ ഭരണാനുമതി നൽകിയിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾ പുലിമുട്ടിന്റെ അലൈൻമെന്റ് സംബന്ധിച്ച് ആശങ്കകൾ ഉന്നയിക്കുകയും ഇതേ തുടർന്ന് CWPRS ഉദ്യോഗസ്ഥർ 09/07/2026-ൽ ഹാർബറിന്റെ പുലിമുട്ട് സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പഠന റിപ്പോർട്ട് പ്രകാരമാണെന്ന് ഉറപ്പ് വരുത്തിയിരുന്നു. സർക്കാരിന്റെ പ്രത്യേക അഭ്യർത്ഥന മാനിച്ച് CWPRS കൂടാതെ NCCR മുൻ മിഷൻ ഡയറക്ടർ മുതലപ്പൊഴി ഫിഷിംഗ് ഹാർബർ സന്ദർശിച്ചു CWPRS ന്റെ ഡിസൈൻ പര്യാപ്തമാണെന്നും പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി മുതലപ്പൊഴി ഹാർബറിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണെന്നും അഭിപ്രായപ്പെട്ടിരുന്നു. നിലവിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി ഹാർബറിൽ യാനങ്ങൾ സുരക്ഷിതമായി പ്രവേശിക്കുന്നതിന് സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**